**കേരള സർക്കാർ**

നം.42160/ആർ.സി.3/2008/ത.സ്വ.ഭ.വ. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 09.08.2011.

## സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് തടയുന്നതിനും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: 1) 2001 ലെ കേരള നദീതീര സംരക്ഷവും മണൽ വാരൽ നിയന്ത്രണവും ആക്ടും ചട്ടങ്ങളും
2) 01.02.2005 ലെ നമ്പർ 71734/പി1/2004/റവന്യൂ സർക്കുലർ

നദികളിൽ നിന്നും വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽ വാരൽ നദീ തീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിലിനും വസ്തുക്കളുടെ നാശനഷ്ടത്തിനും നദിയുടെ ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥയെ വ്യത്യസ്ത അളവുകളിൽ തകരാറിലാക്കുന്നതിനും കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2001 ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും 2002 ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടും ചട്ടങ്ങളും പ്രാബല്യത്തിൽ കൊണ്ടു വരികയുണ്ടായി. പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സൂചന (2) പ്രകാരം വിശദമായ നിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സർക്കുലറിൽ, ഓരോ മാസവും ഓരോ കടവിൽ നിന്നും വാരാവുന്ന മണലിന്റെ അളവ് ജില്ലാ വിദഗ്ദ്ധ സമിതി സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ മാർഗ്ഗനിർദ്ദേശം കണക്കിലെടുത്ത് നിശ്ചയിക്കണമെന്നും മണൽ വിൽപ്പനയിൽ സ്വരൂപിക്കുന്ന തുകയിൽ നിന്ന് റോയൽറ്റി നൽകിയ തുക കുറച്ച ശേഷം ബാക്കി തുകയുടെ 50% ജില്ലാകളക്ടർ വച്ചു പോരുന്ന റിവർ

മാനേജ്മെന്റ് ഫണ്ടിലേയ്ക്കും ബാക്കി 50% അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതതു മാസം തന്നെ നൽകണമെന്നും നിഷ്ക്കർഷിച്ചിരുന്നു. കൂടാതെ മണൽ വാരുന്നതും കൊണ്ടുപോകുന്നതും രാവിലെ 8 മണിക്ക് ശേഷവും വൈകുന്നേരം 4 മണിക്ക് മുമ്പും ആയിരിക്കണമെന്നും വൈകുന്നേരം 4 മണിമുതൽ രാവിലെ 8 മണി വരെ കടവുകൾ പൂട്ടിയിടണമെന്നും കടവുകളിൽ ലോറി ഇറങ്ങാൻ കഴിയാത്തവിധം തൂണുകൾ സ്ഥാപിക്കുകയും മണൽ വാരൽ അനുവദിക്കുന്ന എല്ലാ കടവുകളിലും വാഹനങ്ങൾ ഇറക്കാൻ കഴിയാത്തവിധം 100 മീറ്റർ അകലം മുതൽ പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കേണ്ടതാണെന്നും സ്വകാര്യ വസ്തുക്കളോട് ചേർന്നുള്ള എല്ലാ അനധികൃത കടവുകളും പുഴയോരത്ത് വച്ച് അടച്ചുകെട്ടി ക്ളോസ് ചെയ്യേണ്ടതാണെന്നും നിഷ്ക്കർഷിച്ചിരുന്നു. അനധികൃതമായി മണൽ വാരാനും കയറ്റാനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വള്ളങ്ങൾ, അത്തരം മണൽ കയറ്റിക്കൊണ്ടുപോകുന്ന ലോറികൾ, മറ്റു വാഹനങ്ങൾ എന്നിവ കണ്ടു കെട്ടുകയും ലേലം ചെയ്ത് കിട്ടുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും ബന്ധപ്പെട്ട അധികൃതരോട് സർക്കാർ നിർദ്ദേശിച്ചിരുന്നു.

മണൽ വാരലുമായി ബന്ധപ്പെട്ട് കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-07) 11-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 101 ലെ ശുപാർശയിൽ, മണൽ വാരൽ ലേലവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യാപകമായ രീതിയിൽ അഴിമതി നടക്കുന്നതായി സമിതി മനസ്സിലാക്കുന്നു എന്നും, ലേലത്തുകയിൽ കിഴിവ് അനുവദിക്കുക, യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കാതിരിക്കുക, ലേല കുടിശ്ശികയുള്ള ആൾക്കുതന്നെ പുനർലേലം അനുവദിക്കുക, അനധികൃത മണൽ വാരലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാതിരിക്കുക എന്നിവ മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റിനും ധനനഷ്ടം ഉണ്ടാകുന്നു എന്നും നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും തുക അടയ്ക്കുന്നതിലും യഥാർത്ഥ വിലയ്ക്കുള്ള മുദ്രപത്രം ഉപയോഗിക്കുന്നതിലും വീഴ്ച വരുത്തുന്നവരിൽ നിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാക്കണമെന്നും, ലേലത്തുകയിൽ കിഴിവ് അനുവദിക്കുന്നത് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ ആകാവൂ എന്നും, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മണൽ ലേലത്തുകയിൽ കിഴിവ് അനുവദിക്കുന്ന

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സമിതികൾക്കെതിരെ നടപടി സ്വീകരിച്ച് നഷ്ടം ഈടാക്കണമെന്നും നിയമസഭാ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, മണൽവാരലുമായി ബന്ധപ്പെട്ട് നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മേൽപ്പറഞ്ഞ ശുപാർശകൾ അർഹിക്കുന്ന ഗൗരവത്തോടെ നടപ്പിലാക്കണമെന്നും മേലിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മണൽ ലേലതുകയിൽ യാതൊരു കിഴിവും അനുവദിക്കരുത് എന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

കൂടാതെ, കേരള നിയമസഭയുടെ പരിസ്ഥിതി സംരക്ഷണ സമിതി നദികളിൽ നിന്നുള്ള അനധികൃത മണൽ വാരൽ സംബന്ധിച്ച് നടത്തുന്ന പഠനത്തിന്റെ ഭാഗമായി പരിസ്ഥിതി, തദ്ദേശ സ്വയംഭരണ, റവന്യൂ, ആഭ്യന്തരം, ജലവിഭവം, വനവും-വന്യജീവിയും, വ്യവസായം, ശാസ്ത്ര സാങ്കേതികം എന്നീ വകുപ്പുകളുടെ മേധാവികളിൽ നിന്ന് തെളിവ് ശേഖരണം നടത്തുകയുണ്ടായി. പ്രസ്തുത തെളിവ് ശേഖരണത്തിൽ 2001 ലെ കേരള നദീതീര സംരക്ഷണ നിയമവും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളും അനുബന്ധമായി പുറപ്പെടുവിച്ച സർക്കുലറുകളിലെ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറ്റകരമായ അനാസ്ഥയാണ് പുലർത്തിവരുന്നതെന്നും അതിനാൽ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും, സർക്കുലറുകളിലെ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കപ്പെടുന്നുവെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പരിസ്ഥിതി സമിതിയുടെ ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ, ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളും ഗവൺമെന്റ് നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനാൽ എല്ലാവരെയും അറിയിക്കുന്നു.

ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഗൗരവതരമായ നടപടികൾ സ്വീകരിക്കണമെന്ന് നിയമസഭയുടെ പരിസ്ഥിതി സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. 1994 ൽ കേരള പഞ്ചായത്ത് രാജ് ആക്ട് / 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം എല്ലാ പൊതു ജല മാർഗ്ഗങ്ങളും (സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നദികൾ

ഒഴികെ) നദീതടങ്ങളും ചെറു പുഴകളും ജലസേചനത്തിനും ഡ്രെയിനേജിനും ഉളള ചാലുകളും തോടുകളും തടാകങ്ങളും കായലുകളും കെട്ടി നിൽക്കുന്നതും ഒഴുകി പോകുന്നതുമായ എല്ലാ ജലവും നീരുറവുകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകളും സ്റ്റാന്റ് പൈപ്പുകളും മറ്റ് ജല സംഭരണികളും അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിക്ഷിപ്തമായ ജലമാർഗ്ഗങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് നിരോധിച്ചുകൊണ്ടും നിരോധനം ലംഘിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട ആക്ടിലും അതിൻ കീഴിലുളള ചട്ടങ്ങളിലും നിഷ്ക്കർഷിച്ചിട്ടുളള ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ അത്തരം നടപടികൾ സ്വീകരിക്കുന്നില്ല എന്നും നിയമസഭാ പരിസ്ഥിതി സമിതി കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കർശനമായ നിയമ വ്യവസ്ഥകൾ 2009 ലെ ഭേദഗതി മൂലം 219 ലെ വകുപ്പുകളിലായി കേരള പഞ്ചായത്ത് രാജ് ആക്ടിലും 340 എ, 340 ബി വകുപ്പുകളിലായി കേരള മുനിസിപ്പാലിറ്റി ആക്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന കർശനമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ് എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു

മണൽ വാരലും വിൽപ്പനയുമായി ബന്ധപ്പെട്ടും ജല സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് തടയുന്നതുമായി ബന്ധപ്പെട്ടും മേൽപ്രാമർശിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും കൈക്കൊണ്ട നടപടി വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അടിയന്തിരമായി ശേഖരിച്ച് ക്രോഡീകരിച്ച ഒരു റിപ്പോർട്ട് പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർ സർക്കാരിലേക്ക് നൽകേണ്ടതാണ്.

(ഒപ്പ്)
ജെയിംസ് വർഗ്ഗീസ്,
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

പകർപ്പ് : നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിന്)

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

തദ്ദേശ സ്വയംഭരണ (എ ബി)വകുപ്പ്

ഡയറക്ടർ പബ്ളിക് റിലേഷൻസ് വകുപ്പ് (പത്രങ്ങളിൽ നൽകുന്നതിന്)

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

റവന്യൂ (പി) വകുപ്പ്.

അംഗീകാരത്തോടെ,

Kumary Jalaja S.

സെക്ഷൻ ഓഫീസർ.